"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമ പഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനു ചെലവായ തുക -തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് -അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

**തദ്ദേശ സ്വയംഭരണ (എഫ് എം) വകുപ്പ്**

G.O.(Rt) No.2354/2020/LSGD തീയതി,തിരുവനന്തപുരം, 21/12/2020

പരാമർശം:- പായിപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10/9/2020 ലെ പി1-3500/20 നമ്പർ കത്ത്

:-

**<u>ഉത്തരവ്</u>**

2019-20ൽ എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമ പഞ്ചായത്തിലെ 1, 19, 20, 21, 22 വാർഡുകളിൽ കുടിവെള്ള വിതരണം നടത്തി വന്നിരുന്നത് തൃക്കളത്തൂർ കുടിവെള്ള പദ്ധതിയിൽ നിന്നായിരുന്നുവെന്നും 30/6/2019 മുതൽ 29/08/2019 വരെയും 01/12/2019 മുതൽ 20/1/2020 വരെയും ജലദൗർലഭ്യം നേരിട്ടതിനാൽ കുടിവെള്ള വിതരണം നടത്തുന്നതിന് അംഗീകൃത കരാറുകാരനായ ശ്രീ.ടോമി എന്നയാൾക്ക് ലോഡ് 1 ന് 1400 രൂപ നിരക്കിൽ 2019-20 വർഷം നൽകിയിരുന്നുവെന്നും ടിയാൻ 30/6/2019 മുതൽ 18/08/2019 വരെ 18 ലോഡ് കുടിവെള്ളം വിതരണം നടത്തിയതിന് 25200/- രൂപയും 1/12/2019 മുതൽ 20/1/2020 വരെ 104 ലോഡിന് 145600/- രൂപയും ഉൾപ്പെടെ 170800/- രൂപ ചെലവായിട്ടുണ്ടെന്നും പ്രസ്തുത തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു .തൃക്കളത്തൂർ കുടിവെള്ള പദ്ധതിയിൽ കുടിവെള്ളം ലഭ്യമാകാത്ത സാഹചര്യം കണക്കിലെടുത്ത് 30/6/2019 മുതൽ 18/08/2019 വരെയും 1/12/2019 മുതൽ 20/1/2020 വരെയും കുടിവെള്ള വിതരണം നടത്തിയ വകയിൽ ചെലവായ 170800/- രൂപ (ഒരു ലക്ഷത്തി എഴുപതിനായിരത്തി എണ്ണൂറ്രൂപ) തനത്ഫണ്ടിൽനിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA I
DEPUTY SECRETARY

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡന്റ്/സെക്രട്ടറി , പായിപ്ര ഗ്രാമപഞ്ചായത്ത്, എറണാകുളം

ഡയറക്ടർ, കേരളസ്റ്റേറ്റ്ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ&എ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ചെയർമാൻ/ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ

(തദ്ദേശസ്വയം ഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.12.21 11:36:20 IST
Reason: Approved